00

**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
E-mail:vig.vacb@kerala.gov.in
**ഫോൺ നം. 0471-2305393**
**തീയതി :03.06.2024**

# നാല്പതിനായിരം രൂപ കൈക്കൂലി വാങ്ങവേ താലൂക്ക് സർവ്വേയർ വീണ്ടും വിജിലൻസ് പിടിയിൽ"

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്ക് ഓഫീസിലെ സർവ്വേയർ പി.സി. രാമദാസിനെ കൈക്കൂലി വാങ്ങവേ ഇന്ന് (03.06.2024) വിജിലൻസ് വീണ്ടും പിടികൂടി. വസ്തുവിന്റെ സർവ്വേ നമ്പർ ശരിയാക്കി നൽകുന്നതിലേക്കുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുവേണ്ടിയാണ് 40,000/- രൂപ രാമദാസ് കൈക്കൂലി ചോദിച്ച് വാങ്ങിയത്.

മണ്ണാർക്കാട് ചിറക്കൽ സ്വദേശിയായ പരാതിക്കാരന്റെ ഉടമസ്ഥതയിലുള്ള പന്ത്രണ്ടര സെന്റ് വസ്തു തരംമാറി കിടക്കുന്നത് ശരിയാക്കുന്നതിന് കഴിഞ്ഞ വർഷം ജൂലൈ മാസം ഇരുപത്തിയാറാം തിയതി അപേക്ഷ സമർപ്പിച്ചിരുന്നു. വില്ലേജ് ഓഫീസർക്ക് സ്ഥലം തിരിച്ചറിയാൻ സാധിക്കാത്തതിനാൽ അപേക്ഷ തഹസീൽദാർക്ക് അയക്കുകയും, തഹസീൽദാർ സർവ്വേയറുടെ റിപ്പോർട്ടിനായി താലൂക്ക് സർവ്വേയറായ പി.സി. രാമദാസിനെ എല്പിക്കുകയും ചെയ്തു. തുടർന്ന് ഇക്കഴിഞ്ഞ മാർച്ച് മാസം സ്ഥല പരിശോധനക്ക് എത്തിയ സർവ്വേയർ 2,500/- രൂപ കൈക്കൂലി അന്ന് വാങ്ങുകയും, കുറച്ച് ദിവസങ്ങൾ കഴിഞ്ഞ് പരാതിക്കാരനെ ഫോണിൽ വിളിച്ച് സർട്ടിഫിക്കറ്റ് അനുവദിക്കണമെങ്കിൽ 75,000/- രൂപ കൂടി കൈക്കൂലി നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. 75,000/- രൂപ കുറച്ച് കൂടുതലല്ലേ എന്ന് പറഞ്ഞപ്പോൾ 60,000/- രൂപയാക്കി കുറച്ചുനൽകിയെങ്കിലും കൈക്കൂലി നൽകാത്തതിനാൽ സർട്ടിഫിക്കറ്റ് നൽകിയില്ല. തുടർന്ന് ഇക്കഴിഞ്ഞ ആഴ്ച പരാതിക്കാരൻ വീണ്ടും നേരിട്ട് ചെന്ന് രാമദാസിനെ കണ്ട് കൈക്കൂലി തുക കുറക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ 40,000/- രൂപയായി കുറച്ച് നൽകി. ഇന്നലെ (02/06/2024) വൈകിട്ട് വീണ്ടും രാമദാസ് പരാതിക്കാരനെ ഫോണിൽ വിളിച്ച് കൈക്കൂലി തുക നൽകണമെന്ന് ആവശ്യപ്പെട്ടു. തുടർന്ന് പരാതിക്കാരൻ ഈ വിവരം വിജിലൻസ് പാലക്കാട് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. ദേവദാസൻ.സി.എം നെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി

ഇന്ന് (03.06.2024) ഉച്ചക്ക് 12.20 മണിയോടെ ചിറക്കൽപ്പടിയിൽ മറ്റൊരു വസ്തു അളന്നുകൊണ്ട് നിൽക്കവെ പരാതിക്കാരനിൽ നിന്നും രാമദാസ് 40,000/- രൂപ കൈക്കൂലി വാങ്ങവേ  വിജിലൻസ് സംഘം കൈയോടെ പിടികൂടുകയാണുണ്ടായത്.

2016 ഒക്ടോബർ മാസത്തിൽ ഒറ്റപ്പാലം താലൂക്ക് സർവ്വേയറായിരിക്കെ പി.സി രാമദാസ് കരിമ്പുഴ വില്ലേജ് പരിധിയിൽപ്പെട്ട മറ്റൊരു പരാതിക്കാരനിൽ നിന്നും സർവ്വേ റിപ്പോർട്ട് നൽകുന്നതിലേക്ക് 5,000/- രൂപ കൈക്കൂലി വാങ്ങിയ വേളയിലും പാലക്കാട് വിജിലൻസ് കൈയ്യോടെ പിടികൂടിയിരുന്നു. പ്രസ്തുത കേസ്സ് വിജിലൻസ് ബഹു: കോടതിയിൽ കുറ്റപത്രം സമർപ്പിച്ച് ആയത് തൃശ്ശൂർ വിജിലൻസ് കോടതിയിൽ വിചാരണയിലിരിക്കവെയാണ് ഇന്ന് രാമദാസിനെ 40,000/- രൂപ കൈക്കൂലി വാങ്ങവെ വീണ്ടും വിജിലൻസ് പിടികൂടിയത്.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി യെ കൂടാതെ ഇൻസ്പെക്ടർമാരായ ശ്രീ. മിഥുൻ.ഡി, ശ്രീ. അരുൺ പ്രസാദ്. എസ്, പോലീസ് സബ് ഇൻസ്പെക്ടർമാരായ  സുരേന്ദ്രൻ, സുദേവൻ, സന്തോഷ്, മോഹൻദാസ്, അശോകൻ, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ ഉവൈസ്, സുബാഷ്, രാജേഷ്, ബാലകൃഷ്ണൻ, മനോജ്, വിനോദ്, സിവിൽ പോലീസ് ഓഫീസർമാരായ സിന്ധു, സന്തോഷ്, ഷാനവാസ്, ജിഥിൻ, ഷംസുദീൻ എന്നിവരുമുണ്ടായിരുന്നു. അറസ്റ്റ് ചെയ്ത പ്രതിയെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ . വിനോദ്കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.